കാപ്രോലാക്റ്റം പ്രോജക്ട്

636 [205] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്രോലാക്റ്റം പ്രോജക്ട് ഇന്നത്തെ നിലയിൽ മുന്നോട്ടു കൊണ്ടുപോകാൻ കഴിയില്ലെന്നും ഇതിനുവേണ്ടി നിക്ഷിപ്തമായിട്ടുള്ള തുക മറ്റു കേന്ദ്രങ്ങൾ തിരിച്ചുവിടുന്ന കാര്യം ചർച്ച ചെയ്യേണ്ടതാണെന്നും ഫാക്ടറ് ചെയർമാൻ ഗവൺമെൻറിന് വല്ല നിർദ്ദേശവും സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇങ്ങനെ ഒരു നിഗമനത്തിൽ എത്തിച്ചേരാൻ ഫാക്ടറ് മാനേജുമെൻറ് എത്തിച്ചേരാനുണ്ടായ കാരണം വ്യക്തമാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കല്ലട ഇറിഗേഷൻ പ്രോജക്ടിൻെറ കാച്ച്മെൻറ് ഏരിയ വന്യമൃഗ സംരക്ഷണ കേന്ദ്രമാക്കുന്നതിനുള്ള നടപടികൾ

637 [206] ശ്രീ. വി. സുരേന്ദ്രൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ഇറിഗേഷൻ പ്രോജക്ടിൻെറ കാച്ച്മെൻറ് ഏരിയ വന്യമൃഗ സംരക്ഷണകേന്ദ്രമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു വരെയായി;

(ബി) അതിനുവേണ്ടി ഗവൺമെൻറ് എത്ര രൂപ ചെലവാക്കിയിട്ടുണ്ട്;

(സി) എന്നത്തേക്ക് വന്യമൃഗ സംരക്ഷണ കേന്ദ്രത്തിൻെറ പണി പൂർത്തിയാകും?

ഉത്തരം

(എ) കല്ലട ജലസേചന പദ്ധതിയുടെ ആയക്കെട്ടു പ്രദേശം ഉൾപ്പെടുത്തിക്കൊണ്ട് ചെന്തുരുണി വന്യമൃഗ സങ്കേതമായി ഗവൺമെൻറ് പ്രഖ്യാപിച്ചിട്ടുണ്ട്. [ജി. ഒ. (പി) നം. 258/84/എഡി തീയതി 25-8-84]

(ബി) 1985-86-ൽ 11.390 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) 1989-90-ൽ പൂർത്തിയാക്കാനാണ് പദ്ധതി.

നടപ്പു പഞ്ചവത്സര പദ്ധതിക്കാലത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്പിന്നിംഗ് മില്ലുകൾ

638 [207] ശ്രീ. കെ. പങ്കജാക്ഷൻ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

സഹകരണമേഖലയിലോ സംയുക്തമേഖലയിലോ പുതുതായി സ്പിന്നിംഗ് മിൽ സ്ഥാപിക്കുന്നതിന് നടപ്പു പഞ്ചവത്സരപദ്ധതിക്കാലത്ത് പദ്ധതിയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഇല്ല.

കുടികിടപ്പുകാർക്കുള്ള ഭവന നിർമ്മാണ പദ്ധതി

639 [208] ശ്രീ. കെ. ററി. കണാരൻ:
,, എം. കെ. കേശവൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടികിടപ്പുകാർക്കുള്ള ഭവന നിർമ്മാണ പദ്ധതി എന്നു മുതലാണ് ആരംഭിച്ചത്;

(ബി) ഇതനുസരിച്ച് എത്ര വീടുകൾ പണിയുവാൻ സഹായ ധനം നൽകി;

(സി) പണി പൂർത്തിയായ വീടുകൾ എത്ര;

(ഡി) പണി നടന്നുകൊണ്ടിരിക്കുന്ന വീടുകൾ എത്ര?

ഉത്തരം

(എ) 1978 മുതൽ.

(ബി, സി, ഡി) വിവരം ശേഖരിച്ചു വരുന്നു.

കേരളത്തിലെ ഇരുമ്പയിർ നിക്ഷേപവും ഖനനവും

640 [210] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഇരുമ്പയിർ ഖനന സാദ്ധ്യതകളെക്കുറിച്ച് അവസാനമായി സംസ്ഥാന ഗവൺമെന്റിനു ലഭിച്ച റിപ്പോർട്ട് ഏതാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഇരുമ്പയിർ ഖനനം ചെയ്ത് വ്യാവസായികമായി ഉപയോഗിക്കുന്നതിന് വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ;

(സി) കേരളത്തിൽ എവിടെയൊക്കെയാണ് ഇരുമ്പയിർ നിക്ഷേപമുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) എത്ര ടൺ നിക്ഷേപം ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്?

ഉത്തരം

(എ) ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ നടത്തിയ എർത്തോമാഗനറിക് സർവ്വേയുടെ റിപ്പോർട്ടാണ് അവസാനമായി ലഭിച്ചിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ ഇരുമ്പയിർ നിക്ഷേപം വ്യവസായികമായി ഉപയോഗിക്കുന്നതിനു ശരിയാവാത്തതിനാൽ ഇക്കാര്യത്തിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(സി) കോഴിക്കോട് ജില്ലയിലെ ഏലിയടിമല, നടുവല്ലൂർ, നൻമണ്ട, ചെറുപ്പ, ആലംപാറ എന്നീ പ്രദേശങ്ങളിലും മലപ്പുറം ജില്ലയിലെ കൊരട്ടിമലയിലുമാണ് പ്രധാന നിക്ഷേപങ്ങളുള്ളത്.

(ഡി) 83 ശതലക്ഷം ടൺ ഇരുമ്പയിർ നിക്ഷേപം ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly